## ശ്രദ്ധക്ഷണിക്കൽ

## ദേശീയ പാതവികസനത്തിന് ഭൂമി വിട്ടുനൽകിയവർക്ക് നഷ്ടപരിഹാരം

ശ്രീ. എ.കെ. ബാലൻ: സർ, തൃശ്ശൂർ-പാലക്കാട് ദേശീയ പാത വികസനത്തിന് ഭൂമി വിട്ടുനൽകിയവർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള ശ്രദ്ധക്ഷണിക്കലാണ്. തൃശ്ശൂർ-പാലക്കാട് ദേശീയ പാതയുടെ വികസനത്തിനായി ഭൂമി വിട്ടുനൽകിയ പാലക്കാട് ജില്ലയിലെ ഭൂ ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുന്നില്ല. തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പാക്കേജ്, പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നില്ല. 2010 ഏപ്രിൽ മാസം 20-ാം തീയതിയിലെ സർവ്വകക്ഷി തീരുമാനപ്രകാരം സംസ്ഥാനത്ത് ദേശീയ പാത വികസനത്തിന് ഭൂമി വിട്ടുനൽകുന്നവർക്ക് മാർക്കറ്റ് വില നൽകാമെന്ന് നിശ്ചയിച്ചിരുന്നു. ഇത് പാലക്കാട് ജില്ലയിൽ മാത്രമാണ് നടപ്പാക്കാത്തത്. തൃശ്ശൂർ ജില്ലാ അതിർത്തിയായ വാണിയമ്പാറ മുതൽ വടക്കഞ്ചേരി വരെ 60 മീറ്റർ വീതിയിലും ജില്ലയുടെ മറ്റ് ഭാഗത്ത് 45 മീറ്റർ വീതിയിലുമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്. തൃശ്ശൂർ ജില്ലയുടെ അതിർത്തി പഞ്ചായത്തായ പാണഞ്ചേരിയിലെ വാണിയമ്പാറയിൽ അടിസ്ഥാന രജിസ്ട്രേഷൻ വിലയുടെ 256 ശതമാനം വരെ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഒരു സെന്റ് ഭൂമിയ്ക്ക് 2 ലക്ഷം രൂപ മുതൽ 2,38,000 രൂപവരെയാണ് നൽകിയിട്ടുള്ളത്. അവിടെ അടിസ്ഥാന വിലയായി നിശ്ചയിച്ചത് 64,000 രൂപയായിരുന്നു.

കെട്ടിടങ്ങൾക്ക് സ്ക്വയർ ഫീറ്റിന് 856 രൂപ മുതൽ 900 രൂപ വരെ നൽകി. പുറമ്പോക്കിൽ കഴിയുന്നവർക്ക് പ്രത്യേക ധനസഹായമായി 2 ലക്ഷം രൂപയും നൽകി. അതേ സമയം പാലക്കാട് ജില്ലയുടെ ഭാഗമായ വാണിയമ്പാറ മുതൽ വടക്കഞ്ചേരി വരെയുള്ള ഭൂഉടമകൾക്ക് ഈ പാക്കേജ് നൽകാൻ പാലക്കാട് ജില്ലാ കളക്ടർ കൂടിയായ ആർബിട്രേറ്റർ തയ്യാറായിരുന്നില്ല. അടിസ്ഥാന വിലയുടെ 50 ശതമാനം വർദ്ധനവാണ് അനുവദിച്ചിട്ടുള്ളത്. ഇവിടെ അടിസ്ഥാന വില 18,000 രൂപ മുതൽ 34,000 രൂപവരെയാണ്. പുറമ്പോക്കിൽ കഴിയുന്നവർക്ക് കെട്ടിടവില മാത്രമേ നൽകുന്നുള്ളൂ. ഈ വിവേചനം ക്രൂരവും നാടിന്റെ വികസനത്തിന് കിട പ്പാടം വിട്ട് നൽകിയവരോടുള്ള അനീതിയുമാണ്. പാലക്കാട് ജില്ലയിലെ തർക്കം പരിഹരിക്കാൻ 21-12-2011-ൽ അന്നത്തെ റവന്യൂ വകുപ്പു മന്ത്രിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ തിരുവ നന്തപുരം ജില്ലയിൽ ഒരു പ്രത്യേക യോഗം വിളിച്ച് ചേർത്തിരുന്നു. മന്ത്രിക്ക് പുറമേ 2 ജില്ലാ കളക്ടർമാരും ഞാനും ഒല്ലൂർ എം.എൽ.എ. യും ദേശീയ പാത ഉദ്യോഗസ്ഥന്മാരും റവന്യൂ ഉദ്യോഗസ്ഥന്മാരും പങ്കെടുത്തി രുന്നു. ആ യോഗത്തിൽ ഭൂമിയുടെ ഇന്നത്തെ ഫെയർ വാല്യൂ നൽകണ മെന്നും കെട്ടിടങ്ങളുടെ കാലപ്പഴക്കം നോക്കാതെ 2010-ലെ വേതനം നൽകാനാണ് നിശ്ചയിച്ചിരുന്നത്. ഏറ്റവും നല്ല തീരുമാനമായിരുന്നു അന്നത്തെ റവന്യൂ വകുപ്പ് മന്ത്രി എടുത്തത്. പക്ഷെ അത് നടപ്പിലാക്കുന്ന

തിൽ ഉദ്യോഗസ്ഥന്മാർ ഇതുവരെ തയ്യാറായില്ല. പട്ടയം ഇല്ലാത്തവർക്കും പുറമ്പോക്കിൽ കഴിഞ്ഞിരുന്നവർക്കും കെട്ടിടത്തിന്റെ വിലയും ഒരു പുന രധിവാസ പാക്കേജ് നൽകണമെന്ന് തീരുമാനിച്ചിരുന്നു. ഈ തീരു മാനവും നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ സമ്മേളനകാലത്ത് സമരസമിതി നേതാക്കൾ എന്നെയും ശ്രീ. സി.പി. മുഹമ്മദ് എം.എൽ.എ. യുടെ നേതൃ ത്വത്തിൽ മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും ഇതേ വിഷയം സംബന്ധിച്ച് നിവേദനം നൽകിയിരുന്നു. പ്രശ്നം പരിഹരിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയതല്ലാതെ ഇവരുടെ പ്രശ്നത്തിന് ഇതുവരെ പരി ഹാരം കാണാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നൂറ് കണക്കിന് ഭൂഉ ടമകൾ ഇന്ന് സെക്രട്ടേറിയറ്റിന്റെ മുന്നിൽ ധർണ്ണനടത്തുകയാണ്. പാല ക്കാട് ജില്ലയുടെ അല്ല, കേരളത്തിന്റെ വികസനത്തിന് ഏറ്റവും പ്രധാന പ്പെട്ടതാണ് എൻ.എച്ച്. വികസനം എന്നതിനോട് ഞങ്ങൾ ആരും എതി രായ നിലാപാട് എടുത്തിട്ടില്ല. പക്ഷേ ജീവിക്കാനുള്ള സ്വാതന്ത്ര്യമാണ് ഇപ്പോൾ ഇവർക്ക് ഇവിടെ നഷ്ടപ്പെടുന്നത്. അതുകൊണ്ട് ഇവരുടെ വികാരത്തോടൊപ്പം നിൽക്കുകയല്ലാതെ ഞങ്ങളെ സംബന്ധിച്ചിടത്തോളം മറ്റൊരു വഴിയുമില്ല. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ ഭൂമി വിട്ടുനൽകിയവർ ഇപ്പോൾ പ്രക്ഷോഭത്തിലാണ്. ഭൂമി വിട്ടുനൽകിയ 100 കണക്കിന് ഭൂഉടമകൾ സെക്രട്ടേറിയറ്റിന് മുന്നിൽ ഇപ്പോൾ ധർണ്ണനടത്തു കയാണ്. നാല് പേർ ഇതിനകം തന്നെ ആത്മഹത്യചെയ്തിട്ടുണ്ട്. മൂന്ന് പേർ സർവ്വസ്വവും നഷ്ടപ്പെട്ട ആഘാതത്തിൽ മരണമടഞ്ഞിട്ടുണ്ട്. നിര

വധി ആളുകളുടെ പേരിൽ ഇപ്പോൾ കേസുണ്ട്. റവന്യൂ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം അടിയന്തരമായി വിളിക്കണം. മനുഷ്യത്വപരമായ ഒരു സമീപനം ഈ കാര്യത്തിൽ സ്വീകരിക്കണം. തൃശ്ശൂർ ജില്ലാകളക്ടറും തൃശ്ശൂർ ആർബിട്രേഷനും സ്വീകരിച്ച അതേ സമീപനം തന്നെ പാലക്കാട് ജില്ലയിലും സ്വീകരിക്കണം. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സ്വീകരിച്ച അതേ തീരുമാനം തന്നെ നടപ്പിലാക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് ഈ കാളിംഗ് അറ്റൻഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, നാഷണൽ ഹൈവേ 47 -ന്റെ വികസനത്തിനുവേണ്ടി പാലക്കാട് ജില്ലയിൽ വാളയാർ മുതൽ വാണിയമ്പാറ വരെ 66.675 കിലോമീറ്റർ ദൂരം ദേശീയ പാത വികസിപ്പിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ 2004 ആണ് ആരംഭിച്ചത്. വാളയാർ മുതൽ മംഗലം വരെയുള്ള 56.800 കിലോമീറ്റർ ജനസാന്ദ്രത കൂടിയതും 45 മീറ്റർ വീതിയിൽ ജനസാന്ദ്രത കുറഞ്ഞ 9.876 കിലോമീറ്റർ ദൂരത്തിൽ 60 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനാണ് തീരുമാനമെടുത്തിരിക്കുന്നത്. ഇതനുസരിച്ച് 2005-ൽ ഭൂമി ഏറ്റെടുക്കാനുള്ള പ്രാഥമിക

വിജ്ഞാപനവും 2006-ൽ അന്തിമ വിജ്ഞാപനവും പ്രസിദ്ധീകരിച്ചു. പാലക്കാട് ജില്ലയിൽ 19 റവന്യൂ വില്ലേജിൽ 3398 കേസുകളിലായി 94.2768 ഹെക്ടർ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് ദേശീയ പാത അധികൃതർക്ക് കൈമാറിയിട്ടുണ്ട്. രണ്ടു കേസുകളിലായി 76 ഹെക്ടർ ഭൂമി മാത്രമാണ് ദേശീയ പാത അതോറിറ്റിക്ക് കൈമാറാനുള്ളത്. നഷ്ടപരിഹാരമായി ഇതുവരെ 102.58 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി അനുവദിച്ചുതന്നതിൽ 3129 കേസുകളിലായി 93.59 കോടി രൂപ ഭൂ ഉടമകൾക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 269 കേസുകൾ ഭൂ ഉടമകൾക്ക് മതിയായ രേഖ ഹാജരാകാത്തതിൽ അവകാശത്തർക്കവുമുണ്ട്. നാഷണൽ ഹൈവേ ആക്ട് അനുസരിച്ച് 3 എ (1) നോട്ടിഫിക്കേഷൻ 3 വർഷം മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളുടെ അടിസ്ഥാന വില മാനദണ്ഡമാക്കി 2006-ലെ മാർക്കറ്റ് വിലയും ദേഹണ്ണ വിലയുടേയും 10 ശതമാനം അധിക വിലയും കണക്കാക്കിയാണ് നഷ്ടപരിഹാരം നിശ്ചയിട്ടുള്ളത്. ഈ തുക കൈപ്പറ്റിയതിനുശേഷം ഭൂവുടമകൾക്ക്, എൻ.എച്ച്. ആക്ട് അനുസരിച്ച് ആർബിട്രേറ്റർ കൂടിയായ ജില്ലാ കളക്ടർക്ക് നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകിട്ടുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ഇപ്രകാരം പാലക്കാട് ജില്ലയിൽ ലഭിച്ച 2188 കേസുകളിൽ 1359 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. വാളയാർ മുതൽ വാണിമ്പാറവരെ 66.675 കിലോമീറ്റർ പരിധിയിൽ 242 പുറംപോക്ക് താമസക്കാരും കച്ചവടക്കാരും ഉൾപ്പെടു

ന്നതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ കണ്ണമ്പ്ര-1, കണ്ണമ്പ്ര-2, വടക്കാഞ്ചേരി-1 എന്നീ മൂന്ന് വില്ലേജുകളിലെ പുറംപോക്ക് നിവാസികളായ 50 പേർക്ക് 21.21 ലക്ഷം രൂപ എക്സ്ഗ്രേഷ്യ നൽകുകയും ബാക്കിയുള്ളവർക്ക് എക്സ്ഗ്രേഷ്യ അനുവദിച്ചുനൽകുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും നാഷണൽ ഹൈവേ അതോറിറ്റി തുക അനുവദിച്ചുതരുന്ന മുറയ്ക്ക് അവർക്കും എക്സ്ഗ്രേഷ്യ അനുവദിച്ചുനൽകുന്നതുമാണ്. തൃശൂർ ജില്ലയിൽ താരതമ്യേന കൂടിയ വിലയ്ക്ക് രജിസ്റ്റർ ചെയ്ത ആധാരങ്ങളുണ്ടായിരുന്നതുകൊണ്ട് ഉയർന്ന അടിസ്ഥാനവില കണക്കാക്കുവാനും തദ്വാര കൂടിയ നഷ്ടപരിഹാരം ലഭിക്കുവാനും ഇടയായി. പാലക്കാട്, ആലത്തൂർ താലൂക്കുകളിൽ താരതമ്യേന കുറഞ്ഞ വിലയ്ക്കുള്ള ആധാരങ്ങൾ മാത്രം രജിസ്റ്റർ ചെയ്തിരുന്നതിനാലാണ് നഷ്ടപരിഹാരത്തുക കുറയാൻ ഇടയായത്. പാലക്കാട് ജില്ലയിലെ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. തൃശൂർ എക്സ്പ്രസ് ഹൈവേ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ പുറംപോക്ക് നിവാസികളെയുൾപ്പെടെ പോലീസ് സഹായത്തോടെ ഒഴിപ്പിക്കാൻ ഉത്തരവായിട്ടുണ്ട്. ഈ വിധി നടപ്പിലാക്കാൻ സാവകാശം കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മിക്കവാറും എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കാര്യങ്ങൾ നടപ്പാക്കിയിട്ടുള്ളത്. അത് പുനപ്പരിശോധന നടത്തണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ

ആവശ്യപ്പെട്ടത്. ഇങ്ങനെ പുനപ്പരിശോധന നടത്തിയാൽ നമ്മുടെ സംസ്ഥാനത്തെ നാഷണൽ ഹൈവേയുടെ പദ്ധതികളൊന്നുംതന്നെ നടപ്പാക്കാൻ കഴിയാത്ത ഒരവസ്ഥയിലേക്ക് പോകും. ഇത്തരം കാര്യങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്നത് ശരിയാണോ എന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ്

ശ്രീ. എ. കെ. ബാലൻ: ഈ പ്രശ്നം അന്നത്തെ റവന്യൂ വകുപ്പു മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി 21-12-2011-ന് കളക്ടർമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം സെക്രട്ടേറിയറ്റിൽ വിളിച്ചുചേർത്തിരുന്നു. കൃഷിക്കാർ പറയുന്നത് വളരെ genuine ആണ്. നാഷണൽ ഹൈവേ അതോറിറ്റി അവരോട് കാട്ടിയ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തന്നെ ഇപ്പോഴുള്ള വാല്യുവിനെ അടിസ്ഥാനപ്പെടുത്തി ഫെയർ വാല്യൂ നിശ്ചയിക്കുകയാണ് ചെയ്തത്. 21-12-2011-ൽ മന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ മിനിറ്റ്സ് പ്രകാരമുള്ള നടപടിക്രമങ്ങൾ മുന്നോട്ടുപോയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അതിനുവേണ്ടി ഒരു യോഗം വിളിക്കണം. ഞങ്ങളാരും ഈ വികസനത്തിന് എതിരല്ല. പക്ഷേ അവരുടെ വികാരം വളരെ ശരിയാണ്. കുഴൽമന്ദം മണ്ഡലവുമായി ബന്ധപ്പെട്ട് ഒരു സെന്റിന് 20000 രൂപയാണ്. എന്നാൽ തൃശൂരിൽ 2

ലക്ഷം രൂപയാണ്. രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് അണ്ടർ വാല്യുവേഷൻ ചെയ്തിട്ടുണ്ടാകും. ഇത് കൃഷിക്കാർക്ക് പറ്റിയ പിശകല്ല. ഇത് മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചാൽ ഇക്കാര്യം ചർച്ച ചെയ്യാം. ഈ പദ്ധതി നടപ്പാക്കരുതെന്നോ എന്തെങ്കിലും അവിഹിതമായി കൃഷിക്കാർക്ക് കൊടുക്കണമെന്നോ ഞങ്ങളാരും പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചില്ലെങ്കിൽ അവരുടെ പ്രക്ഷോഭത്തിന് ഞങ്ങളും പോകാൻ നിർബന്ധിതരാകും. അപ്പോൾ അത് സ്തംഭനത്തിലേയ്ക്ക് പോകും. അങ്ങനെയുണ്ടാകരുതെന്ന് കരുതിയാണ് ഞാനിത് അഭ്യർത്ഥിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ഇന്നലെ നാഷണൽ ഹൈവേ അതോറിറ്റിയുമായി ഒരു ചർച്ച നടന്നിരുന്നു. ആ ചർച്ചയിൽ പാലക്കാട് കളക്ടറും ഉണ്ടായിരുന്നു. പാലക്കാട് ജില്ലയിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നുവെങ്കിൽ കളക്ടർതന്നെ മുൻകൈ എടുത്ത് അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇന്നലെ നൽകിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ആ പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നില്ലെങ്കിൽ എം. എൽ.എ.മാരുടെ സൗകര്യം നോക്കി യോഗം വിളിക്കുന്നതാണ്.

## (2) ഗ്യാസ് സബ്സിഡി നിയന്ത്രണം

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാനിവിടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിഷയം ഇന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി മറുപടി പറഞ്ഞതുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹം പറഞ്ഞ മറുപടി തൃപ്തികരമല്ല. നമ്മുടെ സംസ്ഥാനത്ത് അനാഥശാലകൾ, ധർമ്മസ്ഥാപനങ്ങൾ, യത്തീംഖാനകൾ, കോൺവെന്റുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പാചകവാതകം സബ്സിഡി നിരക്കിലാണ് ലഭിച്ചുകൊണ്ടിരുന്നത്. കേന്ദ്രഗവൺമെന്റിന്റെ പുതിയ സമീപനത്താൽ ഇത്തരം ധർമ്മസ്ഥാപനങ്ങൾ സബ്സിഡിയില്ലാതെ പാചകവാതകം വാങ്ങേണ്ട ഗതികേടിലേക്ക് വന്നിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ അങ്ങും വളരെയേറെ ശ്രദ്ധിക്കുന്നതുകൊണ്ട് അങ്ങേയ്ക്കും ഇത് അറിയാവുന്നതാണ്. പല അനാഥാലയങ്ങളും കോൺവെന്റുകളും old age homes ആണ്. അവിടെ താമസിക്കുന്നവരിൽ പലരും രോഗികളാണ്. ആ രോഗികൾക്ക് അവരുടെ ചികിത്സയുമായി ബന്ധപ്പെട്ട് ചൂടുവെള്ളമുൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭിക്കേണ്ടതിനാൽ വീടുകളിൽ ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ഗ്യാസ് സിലിണ്ടറുകൾ ഇത്തരം സ്ഥാപനങ്ങളിലേക്ക് ആവശ്യമായിവരുന്നു. അതുപോലെതന്നെയാണ് യത്തീംഖാനകളുടെയും അനാഥ മന്ദിരങ്ങളുടെയും സ്ഥിതി. അവിടെയുള്ളവരിൽ പലരും മാനസിക വൈകല്യമുള്ളവരും കാഴ്ചക്കുറ

വുള്ളവരും ഓട്ടിസം പോലുള്ള അസുഖങ്ങളുള്ളവരുമാണ്. ഇങ്ങനെയുള്ളവർ താമസിക്കുന്ന സ്ഥലമെന്ന നിലയിൽ കൂടുതൽ മാനുഷിക പരിഗണന ഇക്കാര്യത്തിൽ നൽകേണ്ടതാണ്. നൂറോളം ആളുകൾ താമസിക്കുന്ന അനാഥാലയങ്ങളിൽ മുമ്പ് അവർക്ക് ആവശ്യാനുസരണം പാചകവാതകം സബ്സിഡി നിരക്കിൽ ലഭിച്ചിരുന്നു. സബ്സിഡി നിരക്കിൽ 6 സിലിണ്ടർ എന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം. നമ്മുടെ ഗവൺമെന്റ് സബ്സിഡി നിരക്കിൽ 9 സിലിണ്ടറുകൾ നൽകുമെന്ന് തീരുമാനമെടുത്തതുപോലെ കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രിയും നൽകുമെന്ന് പറഞ്ഞു. 20 സിലിണ്ടറുകളോളം ആവശ്യമുള്ള സ്ഥലങ്ങളാണ് പല കോൺവെന്റുകളും അനാഥശാലകളും ധർമ്മസ്ഥാപനങ്ങളും. ഈ സ്ഥാപനങ്ങൾ പ്രോഫിറ്റ് മോട്ടീവിനുവേണ്ടിമാത്രം നടത്തുന്നതല്ല. സാമൂഹിക സേവനമെന്ന നിലയിൽ നടത്തുന്ന സ്ഥാപനങ്ങൾക്ക് കൂടിയ വിലയ്ക്ക് പാചകവാതകം വാങ്ങാനുള്ള ശേഷിയില്ലാത്തതിനാൽ നേരത്തെ അവർക്ക് ലഭിച്ചിരുന്നതുപോലെ ഈ സ്ഥാനപങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പാചകവാതകം ഗാർഹികാവശ്യത്തിന് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതുപോലെ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും ഇവിടെ പരാമർശിച്ചതനുസരിച്ച് ഇത് ഉൾപ്പെടുത്തിയിട്ടില്ല. വീടുകൾക്ക് സബ്സിഡി നിരക്കിൽ പാചകവാതകം നൽകണമെന്ന തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുമെന്ന് മുഖ്യ

മന്ത്രിയും അതുപോലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു. അപ്പോൾ അനാഥശാലകൾ, യത്തീംഖാനകൾ, കോൺവെന്റുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ കാര്യങ്ങൾ പരാമർശിക്കാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുകൂടി ഈ കാര്യം ടേക്ക് അപ് ചെയ്യണമെന്നും കേന്ദ്ര ഗവൺമെന്റിനെ അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കണമെന്നും അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് സബ്സിഡി നൽകി ഈ സ്ഥാപനങ്ങളെ സഹായിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ സമൂഹത്തിൽ വിലപ്പെട്ട സേവനം നടത്തുന്ന വിവിധ ഏജൻസികളുണ്ട്. ഗവൺമെന്റിനുപോലും കടന്നുചെല്ലാൻ പറ്റാത്ത മേഖലകളിൽ ഈ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞ സ്ഥാപനങ്ങൾ കൂടാതെ അംഗനവാടികൾ, ഉച്ചഭക്ഷണം കൊടുക്കുന്ന സ്കൂളുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങൾ വീടുകളിൽ നൽകുന്നതുപോലെ സബ്സിഡി നിരക്കിൽ പാചകവാതകം ലഭിക്കാൻ അർഹതയുള്ള സ്ഥാപനങ്ങളാണ്. ഈ കാര്യം സംബന്ധിച്ച് കേന്ദ്രത്തിൽ നമ്മുടെ അഭിപ്രായങ്ങൾ അറിയിച്ചിട്ടുണ്ട്. ചോദ്യോത്തരവേളയിലും ഈ സഭയുടെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന അഭിപ്രായങ്ങൾ ഇതിന് അനുകൂലമാണ്.

ഈ സഭയുടെ വികാരംകൂടി ഉൾക്കൊണ്ടുകൊണ്ട് കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിക്ക് ഞാൻ വീണ്ടും കത്ത് എഴുതുന്നതാണ്. ആവശ്യമെങ്കിൽ നേരിട്ടുപോയി ഈ ആവശ്യം ഉന്നയിക്കുന്നതാണ്. ഇക്കാര്യം ഗൗരവമായി യെടുത്ത് ഇതിനുവേണ്ടി പ്രവർത്തിക്കും എന്ന് ഉറപ്പുനൽകാൻ ഈ അവ സരം വിനിയോഗിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, മറുപടിയെ ഞാൻ സ്വാഗതം ചെയ്യു ന്നു. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ സഭയിൽ പറഞ്ഞത് ഒരു കുടുംബം ഉപയോഗിക്കുന്ന സിലിണ്ടറുകൾ, അത് 9 എണ്ണത്തിൽ കൂടാതെ സബ്സിഡി നിരക്കിൽ കൊടുക്കുമെന്നാണ്. ധർമ്മ സ്ഥാപനങ്ങളിൽ അവർ ഇപ്പോൾ ഉപയോഗിക്കുന്ന സിലിണ്ടറുകളുടെ എണ്ണത്തിൽ ഒരു പരിധി വച്ച് പതിനഞ്ചോ അതിൽ താഴെയോ സിലിണ്ടറു കൾ കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശംകൂടി കേന്ദ്ര മന്ത്രിക്ക് അയ യ്ക്കുന്ന കത്തിൽ ഉൾപ്പെടുത്തണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഫ്ളാറ്റുകൾക്കും ഇതുപോലുള്ള സ്ഥാപന ങ്ങൾക്കും വീടുകളുടെ സീലിംഗ് ഉണ്ടാവില്ല. കഴിഞ്ഞ വർഷം എടുത്ത സിലിണ്ടറുകളുടെ എണ്ണം കണക്കാക്കിയോ അല്ലെങ്കിൽ ഈ സ്ഥാപനങ്ങ ളിലുള്ള അന്തേവാസികളുടെ എണ്ണം കണക്കാക്കിയോ ആയിരിക്കണം സീലിംഗ് വയ്ക്കേണ്ടത്. എന്നാൽ മാത്രമേ അത് പ്രാക്ടിക്കലാവുകയു

ള്ളൂ. ഇത് രണ്ടിൽ ഒരെണ്ണം പാലിക്കണമെന്ന അഭിപ്രായമാണുള്ളത്. അതും കൂടി ഉൾപ്പെടുത്തിയായിരിക്കും കേന്ദ്ര മന്ത്രിക്ക് കത്ത് അയയ്ക്കുന്നത്.